# മഹാത്മാ ഗാന്ധി സർവ്വകലാശാല

## പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 മേയ് 27

# വാർത്താക്കുറിപ്പ്

## ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ പുനഃക്രമീകരിച്ചു

കോവിഡ് 19 വ്യാപനത്തെത്തുടർന്ന് മാറ്റിവച്ച മഹാത്മാ ഗാന്ധി സർവകലാശാല ആറാം സെമസ്റ്റർ ബിരുദ പരീക്ഷകൾ പുനഃക്രമീകരിച്ചു. മാർച്ച് 20, 24, 26, 30 തീയതികളിൽ നടത്താൻ നിശ്ചയിച്ചിരുന്ന ആറാം സെമസ്റ്റർ സി.ബി.സി.എസ്. (2017 അഡ്മിഷൻ പ്രൈവറ്റ് രജിസ്‌ട്രേഷൻ) പരീക്ഷകൾ യഥാക്രമം ജൂൺ അഞ്ച്, ഒന്ന്, മൂന്ന്, ആറ് തീയതികളിൽ നടക്കും. സമയക്രമം: ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ. (വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മുതൽ വൈകീട്ട് അഞ്ചുവരെ)

മാർച്ച് 20, 24, 26, 30 തീയതികളിൽ നടത്താനിരുന്ന ആറാം സെമസ്റ്റർ സി.ബിസി.എസ്. (2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ യഥാക്രമം ജൂൺ അഞ്ച്, ഒന്ന്, മൂന്ന്, ആറ് തീയതികളിൽ നടക്കും. സമയക്രമം: ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ. (വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് രണ്ട് മുതൽ വൈകീട്ട് അഞ്ചുവരെ)

മാർച്ച് 24, 26, 30 തീയതികളിൽ നടത്താനിരുന്ന ആറാം സെമസ്റ്റർ ബിരുദം (2013-2016 അഡ്മിഷൻ റീഅപ്പിയറൻസ്), ബി.എസ്‌സി. സൈബർ ഫോറൻസിക് (2017 അഡ്മിഷൻ റഗുലർ/2014-2016 അഡ്മിഷൻ റീഅപ്പിയറൻസ്) സി.ബി.സി.എസ്.എസ്. പരീക്ഷകൾ യഥാക്രമം ജൂൺ ഒന്ന്, മൂന്ന്, ആറ് തീയതികളിൽ നടക്കും. സമയക്രമം: രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ.

മാർച്ച് 24, 26 തീയതികളിൽ നടത്താനിരുന്ന ബി.എസ്‌സി. ഇലക്‌ട്രോണിക്‌സ് മോഡൽ 3 (സി.ബി.സി.എസ്. - 2017 അഡ്മിഷൻ റഗുലർ) പരീക്ഷകൾ യഥാക്രമം ജൂൺ ഒന്ന്, മൂന്ന് തീയതികളിൽ നടക്കും. സമയക്രമം: ഉച്ചകഴിഞ്ഞ് 1.30 മുതൽ 4.30 വരെ.

മാർച്ച് 23, 25, 27 തീയതികളിൽ നടത്താനിരുന്ന ആറാം സെമസ്റ്റർ ബി.വോക് (2017 അഡ്മിഷൻ റഗുലർ, 2014-2016 അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷകൾ യഥാക്രമം ജൂൺ ഒന്ന്, മൂന്ന്, അഞ്ച് തീയതികളിൽ നടക്കും. സമയക്രമം: രാവിലെ 9.30 മുതൽ ഉച്ചയ്ക്ക് 12.30 വരെ.

(പി.ആർ.ഒ/39/509/2020)

## ഭിന്നശേഷിക്കാരുടെ സുരക്ഷയ്ക്ക് പദ്ധതി തയാറാക്കൽ;

## 'ഓറഞ്ച് ബുക്കി'ൽ ഇടം നേടി എം.ജി. ഐ.യു.സി.ഡി.എസ്

ദുരന്ത സാഹചര്യത്തിൽ ഭിന്നശേഷിക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും രക്ഷാപദ്ധതി തയാറാക്കാനും ബന്ധപ്പെടേണ്ട വിദഗ്ധ സ്ഥാപനമായി മഹാത്മാ ഗാന്ധി സർവകലാശാല ഇന്റർയൂണിവേഴ്‌സിറ്റി സെന്റർ ഫോർ ഡിസെബലിറ്റി സ്റ്റഡീസിനെ (ഐ.യു.സി.ഡി.എസ്.) ഉൾപ്പെടുത്തി സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയുടെ ഓറഞ്ച് ബുക്ക് പുറത്തിറങ്ങി.

സംസ്ഥാനത്തെ ഈ വർഷത്തെ കാലവർഷ-തുലാവർഷ മുന്നൊരുക്ക ദുരന്ത പ്രതികരണ മാർഗരേഖയാണ് ഓറഞ്ച് ബുക്ക്. സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റിയാണ് മാർഗരേഖ തയാറാക്കുന്നത്. ഭിന്നശേഷിക്കാരുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിനും ദുരന്ത സാഹചര്യങ്ങളിൽ നിന്ന് രക്ഷിക്കുന്നതിനുമായി പ്രത്യേക പദ്ധതി തയാറാക്കാൻ ഐ.യു.സി.ഡി.എസിനെ സമീപിക്കാം. ഭിന്നശേഷി സംയോജിത ദുരന്ത ലഘൂകരണ-നിവാരണ മേഖലയിൽ ഐ.യു.സി.ഡി.എസ്. നടപ്പാക്കിയ പദ്ധതികൾ രാജ്യാന്തര ശ്രദ്ധ നേടിയിരുന്നു. ഐക്യരാഷ്ട്രസഭയും ലോകബാങ്കും രാജ്യാന്തര ഏജൻസികളും തയാറാക്കിയ പോസ്റ്റ് ഡിസാസ്റ്റർ നീഡ് അസസ്‌മെന്റ് റിപ്പോർട്ടിലും ഐ.യു.സി.ഡി.എസിന്റെ സേവനങ്ങൾ ഇടംനേടിയിരുന്നു. വിശദവിവരത്തിന് ഫോൺ: 9495213248 (ഡോ. പി.ടി. ബാബുരാജ്). ഇമെയിൽ: iucdsmgu@gmail.com.

(പി.ആർ.ഒ/39/510/2020)

**എ. അരുൺ കുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ